## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1120 12.03.2015 -ലെ മറുപടിയ്ക്ക്

### ഗവൺമെന്റ്, എയ്ഡഡ് ബി.എഡ് കോളേജുകളിൽ സീറ്റ് വെട്ടിക്കുറക്കാൻ തീരുമാനം

*ചോദ്യം*
ശ്രീ. കെ. എൻ. എ. ഖാദർ

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഗവൺമെന്റ്, എയ്ഡഡ് ബി.എഡ് കോളേജുകളിൽ ബി.എഡ്. സീറ്റുകൾ വെട്ടിക്കുറച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം സീറ്റുകൾ കുറയ്ക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; | എ) (ബി) (സി) & (ഡി) | നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (NCTE) ന്റെ പരിഷ്കരിച്ച നിബന്ധനകൾ പ്രകാരം ട്രെയിനിങ് കോളേജുകളിൽ ബി.എഡ് കോഴ്സിന് ഒരു യൂണിറ്റിന് 50 സീറ്റുകൾ വീതമേ പാടുള്ളുവെന്നും ഒരു കോളേജിൽ ഇത്തരത്തിലുള്ള പരമാവധി 2 യൂണിറ്റുകളേ അനുവദിക്കാൻ പാടുള്ളുവെന്നും നിഷ്കർഷിക്കുകയുണ്ടായി. കൂടാതെ പ്രതിവർഷം 2 യൂണിറ്റ് (100 സീറ്റ്) ബി.എഡ്. കോഴ്സ് നടത്തുന്നതിന് 16 അദ്ധ്യാപക തസ്തികകൾ വേണമെന്നും അനുശാസിക്കുന്നു. എന്നാൽ 1 യൂണിറ്റ് (50 സീറ്റ്) ബി.എഡ്. കോഴ്സ് നടത്തുന്നതിന് 8 അദ്ധ്യാപക തസ്തികകൾ മതിയാകും. കേരളത്തിലെ സർക്കാർ / എയ്ഡഡ് ട്രെയിനിങ് കോളേജുകളിൽ മിക്കവയിലും നിലവിൽ 2 യൂണിറ്റ് (പ്രതി വർഷം 100 സീറ്റ്) നടത്തുന്നതിനാവശ്യമായ 16 അദ്ധ്യാപക തസ്തികകൾ ലഭ്യമല്ല. പ്രതിവർഷം 2 ബി.എഡ് യൂണിറ്റുകൾ അനുവദിക്കണമെങ്കിൽ മിക്ക ട്രെയിനിങ് കോളേജുകളിലും കൂടുതൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കേണ്ടതായി വരും. ഇത് സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിക്കുന്നതിനാൽ നിലവിലുള്ള അദ്ധ്യാപക തസ്തികകൾ വച്ച് കോഴ്സുകൾ |
| (ബി) | പ്രസ്തുത തീരുമാനം കൈക്കൊണ്ട സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ; | | |
| (സി) | ആയതിൻ പ്രകാരം സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് തരത്തിലുള്ള മാറ്റമാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | | |
| (ഡി) | മതിയായ പഠനങ്ങൾ നടത്താതെയും അശാസ്ത്രീയവുമായിട്ടാണ് ഇത്തരം മാറ്റം നടപ്പിലാക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| | | | നടത്തിക്കത്തക വിധത്തിൽ, നിലവിലുള്ള ഓപ്ഷണൽ സബ്ജറ്റുകൾ നില നിർത്തിക്കൊണ്ട് ഓരോ കോളേജിലും ഓരോ യൂണിറ്റ് (50 സീറ്റ്) വീതം ബി.എഡ്. കോഴ്സ് നടത്തുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള അദ്ധ്യാപക തസ്തികകളിൽ കുറവ് വരുത്തേണ്ടതില്ല എന്നും തീരുമാനിച്ചിട്ടുണ്ട്. ട്രെയിനിങ് കോളേജുകൾ നടത്തുന്നതിന് NCTE നിബന്ധനകൾ പൂർണ്ണമായും പാലിക്കേണ്ടതുണ്ട് എന്ന സാഹചര്യത്തിലാണ് സർക്കാർ ഈ തീരുമാനമെടുത്തത്. |
| (ഇ) | സീറ്റുകൾ വെട്ടിക്കുറയ്ക്കുന്നത് വിദ്യാർത്ഥികളുടെ അവസരം കുറയ്ക്കുമെന്ന സാഹചര്യത്തിൽ തീരുമാനം പുന: പരിശോധിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഇ) | നിലവിൽ ബി.എഡ് അഡ്മിഷൻ പൂർത്തിയാകുമ്പോഴും സർക്കാർ / എയ്ഡഡ് ട്രെയിനിങ് കോളേജുകളിലും സ്വാശ്രയ ട്രെയിനിങ് കോളേജുകളിലും ബി.എഡിന് സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ട്. ആയതിനാൽ നിലവിൽ സീറ്റുകളുടെ എണ്ണത്തിലുണ്ടായ കുറവ് വിദ്യാർത്ഥികളുടെ അവസരം നഷ്ടപ്പെടുത്തുവാൻ സാദ്ധ്യതയില്ല. |

സെക്ഷൻ ഓഫീസർ